"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ. നം.2279/2015-മേലുള്ള 09.07.2019-ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.1849/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 08/10/2020**

പരാമർശം:- 1 സ.ഉ. (സാധാ) നം.17/2011/തസ്വഭവ തീയതി 03.01.2011

2 ശ്രീമതി. പി.ഡി. ലീലാമ്മ സമർപ്പിച്ച 01.09.2014-ലെ പുന:പരിശോധനാ ഹർജി(**അനക്ഷർ എ2**)

3 ഒ.എ.നം.2279/2015-ന്മേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച 09.07.2019-ലെ വിധിന്യായം

**ഉത്തരവ്**

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പരാമർശം (3) പ്രകാരം പുറപ്പെടുവിച്ച വിധിന്യായത്തിൽ, ബഹു. ട്രിബ്യൂണലിന്റെ ഉത്തരവ് കൈപ്പറ്റി മൂന്ന് മാസത്തിനുള്ളിൽ അപേക്ഷക പരാമർശം (2) പ്രകാരം സമർപ്പിച്ച അനക്ഷർ എ2 പുന:പരിശോനാ ഹർജി പരിശോധിച്ച് ഉത്തരവ് പുറപ്പെടുവിക്കുവാൻ നിർദ്ദേശിച്ചിരുന്നു. ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മുൻ തിരുനെല്ലി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീമതി. പി.ഡി. ലീലാമ്മയെ ഓൺലൈനായി കേൾക്കുകയുണ്ടായി.

തിരുനെല്ലി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി ജോലി നോക്കി വരവെ 31.01.2016-ൽ സേവനത്തിൽ നിന്നും വിരമിച്ച ശ്രീമതി. ലീലാമ്മയ്ക്കെതിരെ, ടിയാരി സേവനത്തിൽ തുടർന്നിരുന്ന കാലത്ത് ആരംഭിച്ച അച്ചടക്ക നടപടി വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 18.04.2000-ലെ ഉത്തരവ് പ്രകാരം ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലമില്ലാതെ ഒരു വർഷത്തേക്ക് തടഞ്ഞുകൊണ്ട് തീർപ്പാക്കി ഉത്തരവായിരുന്നു. കാക്കവയൽ-മുള്ളൻ കൊല്ലി റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് പിൻവലിച്ച 27,000/- രൂപയിൽ 4500/- രൂപ അപഹരണം നടത്തി എന്നതായിരുന്നു അച്ചടക്ക നടപടിക്ക് ആധാരമായ വിഷയം. അന്വേഷണത്തിൽ ആരോപണങ്ങൾ വസ്തുതാപരമാണെന്ന് കണ്ടെത്തിയതിനെ തുടർന്നാണ് ശ്രീമതി. ലീലാമ്മയുടെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലമില്ലാതെ തടഞ്ഞു ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

പിന്നീട് കേരള നിയമസഭയുടെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2006-2008) പരാതിക്കാധാരമായ ആരോപണങ്ങൾ പരിശോധിച്ചതിൽ വളരെ ഗുരുതരമായ വീഴ്ചയാണ് ഉണ്ടായിരുന്നതെന്ന് കണ്ടെത്തുകയും ആയതിന് ഉത്തരവാദിയായ ശ്രീമതി. ലീലാമ്മക്കെതിരെ ചുമത്തിയ ശിക്ഷ ഇക്കാര്യത്തിൽ അപര്യാപ്തമാണെന്ന് നിർദ്ദേശിക്കുകയും ചെയ്തു. മേൽ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കുറ്റാരോപിതക്കെതിരെ പുതിയ കുറ്റാരോപണ പത്രിക 17.06.2009-ൽ സർക്കാർ നൽകുകയും ആയതിന് ടിയാരി 24.06.2009 ൽ മറുപടി നൽകുകയും ചെയ്തു. കൂടാതെ കുറ്റാരോപിതയെ സർക്കാർ നേരിൽ കേൾക്കുകയുമുണ്ടായി. ബന്ധപ്പെട്ട രേഖകളുടെയും ടിയാരി ഉന്നയിച്ച എതിർവാദപത്രികകളും പരിശോധിച്ചതിൽ, കുറ്റാരോപിതയ്ക്ക് ടിയാരിക്കെതിരെ ഉന്നയിക്കപ്പെട്ട ആരോപണങ്ങളിൽ കൃത്യമായ മറുപടി ലഭ്യമാക്കുന്നതിനോ തന്റെ നിരപരാധിത്വം സ്ഥാപിക്കുന്നതിനോ കഴിഞ്ഞിട്ടില്ലെന്ന് കണ്ടെത്തുകയുണ്ടായി. അച്ചടക്ക

നടപടിയുടെ ഭാഗമായി ശ്രീമതി. ലീലാമ്മയുടെ വാർഷിക വേതന വർദ്ധനവ് രണ്ട് വർഷത്തേക്ക് സഞ്ചിതഫലത്തോടെ തടഞ്ഞുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കാതിരിക്കാൻ കാരണമെന്തെങ്കിലും ഉണ്ടെങ്കിൽ ആയത് ബോധിപ്പിക്കാൻ നിർ ദ്ദേശിച്ചുകൊണ്ട് 15.12.2009-ൽ കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. ആയതിന് ശ്രീമതി. ലീലാമ്മ 07.04.2010-ൽ മറുപടി സമർപ്പിക്കുകയുണ്ടായി. തുടർന്ന് ഇക്കാര്യത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം ആരാഞ്ഞിട്ടുള്ളതും കമ്മീഷൻ മേൽ സർക്കാർ തീരുമാനത്തോട് യോജിപ്പ് രേഖപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

മേൽ ഉത്തരവിനെതിരെ ശ്രീമതി. ലീലാമ്മ അപ്പീൽ അപേക്ഷ സമർപ്പിക്കുകയും എന്നാൽ ടി അപ്പീൽ അപേക്ഷ സമയപരിധിക്കകം സമർപ്പിച്ചിട്ടില്ലാത്തതിനാൽ ആയത് നിരസിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിലാണ് ശ്രീമതി. ലീലാമ്മ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഒ.എ. ഫയൽ ചെയ്തിട്ടുള്ളത്. പരാമർ ശം (1) സർക്കാർ ഉത്തരവ് പ്രകാരമുള്ള അച്ചടക്ക നടപടിയിൽ പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ചിട്ടില്ലെന്നും ടി അച്ചടക്ക നടപടി ആരംഭിക്കുന്നതിനു മുമ്പായി മേൽപ്പറഞ്ഞ നിയമസഭാ കമ്മിറ്റി റിപ്പോർട്ട് ടിയാരിക്ക് ലഭ്യമാക്കിയിട്ടില്ലെന്നും (ലെജിസ്ളേറ്റീവ് കമ്മിറ്റി റിപ്പോർട്ട് 1996 Para II, 1(vi) , 1999 para III (47) ) ആരോപിച്ചിട്ടുണ്ട്.

ബഹു. ട്രിബ്യൂണൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. ലീലാമ്മയെ ഓൺലൈനായി കേട്ടു. 09.07.2019-ലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവിൽ കെ.സി.എസ് (സി.സി&എ) റൂൾ പ്രകാരം കഠിന ശിക്ഷയുള്ള അച്ചടക്ക നടപടി ആരംഭിച്ചപ്പോൾ ഔപചാരിക അന്വേഷണം നടത്തിയിട്ടില്ലെന്നും സ്വാഭാവിക നീതി നിഷേധിച്ചെന്നും കണ്ടെത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ശ്രീമതി. ലീലാമ്മയ്ക്കെതിരായ ആരോപണത്തിൽ, ടിയാരി സമർപ്പിക്കുന്ന രേഖകളും പഞ്ചായത്തിലെ രേഖകളും പരിശോധിച്ച് റിപ്പോർട്ട് എഴുതിയതായി പറയുന്ന ഹെഡ് ക്ലാർക്കിനെ കൂടി കേട്ട് ഔപചാരിക അന്വേഷണം നടത്തി അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയത്തിലെ ജോയിന്റ് ഡയറക്ടർ (ഭരണം) ശ്രീമതി. മീനാകുമാരി അമ്മയെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ട് 15 ദിവസത്തിനകം സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (3) വിധിന്യായം ഇപ്രകാരം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യൂ**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

1. ശ്രീമതി. മീനാകുമാരി അമ്മ, ജോയിന്റ് ഡയറക്ടർ (ഭരണം)

   പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം

   (പരാമർശം (1) ഉത്തരവിന്റെ പകർപ്പ് സഹിതം)

2. ശ്രീമതി. പി.ഡി. ലീലാമ്മ, മുൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, തിരുനെല്ലി ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

4. അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

5. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം/തൃശ്ശൂർ

6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/369/2019/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by SUD[illegible]EER S S
Date: 2020.10.08 15:[illegible]:54 IST
Reason: Approved

സെക്ഷൻ ഓഫീസർ